# പതിമൂന്നാം കേരളനിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.650 — 13/06/2012 ൽ മറുപടിക്ക്

## കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതി

**ചോദ്യം**

ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. വർക്കല കഹാർ
ശ്രീ. അൻവർ സാദത്ത്
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

**മറുപടി**

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | ആരോഗ്യ പരിരക്ഷാ രംഗത്തെ ചൂഷണങ്ങൾക്ക് അറുതി വരുത്തുവാനും ഗുണമേന്മയേറിയ ജീവൻ രക്ഷാ ഔഷധങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനായി കേരള സംസ്ഥാന സർക്കാരിന്റെ പൂർണ്ണമായ നിയന്ത്രണത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ജനറിക് നാമത്തിലുള്ള മരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികൾ വഴി രോഗികൾക്ക് സൗജന്യമായും, വിലകൂടിയതും ബ്രാൻഡഡ് മരുന്നുകളും കോർപ്പറേഷൻ തന്നെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന വളരെ കുറഞ്ഞ വിലയ്ക്കും ലഭ്യമാക്കുന്നുണ്ട്. |
| (ബി) | പുതുതായി അനുവദിച്ച കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | ജീവൻരക്ഷാമരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ വില പൊതുവിപണിയിൽ നിയന്ത്രിച്ചു നിർത്തുക, പാവപ്പെട്ട രോഗികൾക്ക് വളരെ വിലകുറച്ച് മരുന്നുകൾ ലഭ്യമാക്കുക എന്നീ ഉദ്ദേശത്തോടു കൂടിയാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ തുടങ്ങുന്നത്. ഇതിന്റെ പ്രാരംഭമായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ഒ.പി. ബ്ലോക്കിനു സമീപം |
| (സി) | ആയത് സംസ്ഥാനം മുഴുവൻ വ്യാപകമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്? | | |

| | | | |
|---|---|---|---|
| | | | 2012 ജനുവരിമാസത്തിൽ പ്രവർത്തനമാരംഭിച്ചു. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഈ ഫാർമസിയിൽ പൊതുവിപണിയിലുള്ളതിനേക്കാൾ വളരെ കുറഞ്ഞ വിലയിൽ (20% മുതൽ 90% വരെ) എല്ലാ ബ്രാൻഡഡ് മരുന്നുകളും ലഭ്യമാണ്. പ്രസ്തുത പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 35 കമ്മ്യൂണിറ്റി ഫാർമസികൾ കേരളത്തിലുടനീളം ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇതിന്റെ ആദ്യപടിയായി കല്ലറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി 2012 ജൂൺ മാസം 9-ാം തീയതി പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ